**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3023** **07-10-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ശല്യം പരിഹരിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന വന്യമൃഗ ആക്രമണങ്ങൾ ഫലപ്രദമായി തടയുന്നതിനായി ഈ സർക്കാർ കൊണ്ട് വരുന്ന ബില്ലുകളുടെ മേന്മകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഇന്ത്യൻ ഭരണഘടനയുടെ VII പട്ടികയിൽപ്പെട്ട സംസ്ഥാന ലിസ്റ്റിലെ വിഷയങ്ങളായ "വനം" എന്നതിലും"വന്യജീവികളുടെയും പക്ഷികളുടെയും സംരക്ഷണം" എന്നതിലും നിയമം കൊണ്ടുവരാൻ പതിനൊന്ന് സംസ്ഥാനങ്ങളിലെ നിയമസഭകൾ പ്രമേയം പാസാക്കി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഭരണഘടനയിലെ ആർട്ടിക്കിൾ 252 പ്രകാരം ഇന്ത്യയുടെ പാർലമെന്റ് പാസാക്കിയ നിയമമാണ് 1972 ലെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമം. പ്രസ്തുത കാലയളവിൽ ഏതെങ്കിലും വന്യജീവികളെ വേട്ടയാടുന്നതിന് യാതൊരു വിലക്കുമുണ്ടായിരുന്നില്ല. അത് മൂലം വന്യജീവികളും പക്ഷികളും അതിവേഗം കുറഞ്ഞതും, ചില സ്പീഷിസുകൾ രാജ്യത്ത്പൂർണ്ണമായും നശിച്ചുപോയതും, സംസ്ഥാന നിയമങ്ങൾ അന്നത്തെ സാഹചര്യങ്ങൾക്കനുസരിച്ച് മതിയാകില്ലെന്നതും തുടങ്ങിയ വ്യക്തമായ കാരണങ്ങൾ പരിഗണിച്ചാണ് കേന്ദ്ര സർക്കാർ ഈ നിയമം കൊണ്ടുവന്നത്.<br><br>പ്രസ്തുത നിയമം നിലവിൽ വന്ന്നീണ്ട കാലയളവുകൾ കഴിഞ്ഞപ്പോൾ, സംസ്ഥാനത്ത് ചില വന്യജീവി, പക്ഷി സ്പീഷിസുകളുടെ എണ്ണം ശ്രദ്ധേയമായി വർദ്ധിച്ചു. ഇത് കാരണം മനുഷ്യനും വന്യജീവികളും തമ്മിൽ ഉണ്ടാകുന്ന സംഘർഷങ്ങളും മനുഷ്യരുടെയും കൃഷിയുടേയും കാര്യമായ നാശവും വർദ്ധിക്കുവാനിടയായി.<br><br>1976-ലെ ഇന്ത്യൻ ഭരണഘടനയില 42-ാ ം ഭേദഗതി പ്രകാരം , വനവും, വന്യജീവിയും സംബന്ധിച്ച വിഷയങ്ങൾ ഭരണഘടനയില ഏഴാം പട്ടികയിലെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിനാൽ, സംസ്ഥാന നിയമസഭക്ക് ഈ |

| | | | | |
|---|---|---|---|---|
| | | | | വിഷയത്തിൽ നിയമം പാസാക്കാനുള്ള അധികാരമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളിൽ മനുഷ്യരും വന്യജീവികളും തമ്മിൽ കൂടിവരുന്ന സംഘർഷങ്ങളും മനുഷ്യ ജീവൻ കൃഷി, സമ്പത്ത് തുടങ്ങിയവ അകാരണമായി നഷ്ടപ്പെടുന്നതും പരിഹരിക്കുന്നതിനായി, കേന്ദ്ര നിയമത്തിൽ ചില സംസ്ഥാന ഭേദഗതികൾ കൊണ്ടുവരാൻ സർക്കാർ തീരുമാനിക്കുകയും ആയതിൻ്റെ അടിസ്ഥാനത്തിൽ വന്യജീവി സംരക്ഷണ (കേരള ഭേദഗതി) ബില്ല്, 2025 കൊണ്ടു വരികയും ചെയ്തു. ടി ബില്ലിൽ പ്രധാനമായും ചുവടെപ്പറയുന്ന കാര്യങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br><br>i) പൊതു സ്ഥലങ്ങളിലോ, ജനവാസ മേഖലകളിലോ ഏതെങ്കിലും വന്യജീവി ആരെങ്കിലും ആക്രമിച്ച് ഗുരുതര പരിക്കേൽപ്പിച്ചാൽ, വൈകാതെ ആ വന്യജീവിയെ കൊല്ലാൻ ഉത്തരവിടാൻ Chief Wildlife Warden - ന് അധികാരം നൽകുന്നതിന് കഴിയുന്നതാണ് ഈ ബില്ലിലെ ഒരു വ്യവസ്ഥ.<br><br>ii) വന്യ ജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 11-ൽ "മനുഷ്യജീവന് അപകടം സൃഷ്ടിക്കുന്നവ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിലും, ഒരു വന്യജീവി എപ്പോൾ, ഏതു സാഹചര്യത്തിൽ മനുഷ്യജീവന് അപകടം സൃഷ്ടിക്കുന്നു ' എന്ന് കണക്കാക്കപ്പെടും എന്നതിന്റെ നിർവചനം നിയമത്തിൽ ഇല്ല. അത് സർക്കാർ ഈ ബില്ലിൽ വ്യക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>iii) വന്യജീവികളുടെ സംഖ്യ നിയന്ത്രിക്കുന്നതിന്, ജനന നിയന്ത്രണം (birth control) അല്ലെങ്കിൽ സ്ഥലം മാറ്റം (translocation) വഴി നിയന്ത്രണം വരുത്താൻ നിർദ്ദേശമുണ്ട്.<br><br>iv) ബിൽ സംസ്ഥാന സർക്കാരിന് നിയമത്തിലെ പട്ടിക II-ലെ ഏതെങ്കിലും വന്യജീവിയെ വെർമിൻ എന്ന നിലയിൽ പ്രഖ്യാപിക്കാൻ അധികാരം നൽകുന്നതിനു നിർദ്ദേശമുണ്ട്.<br><br>v) ബോണറ്റ് മക്കാക്(Bonnet Macaque) എന്ന സ്പീഷീസിനെ പട്ടിക I-ൽ നിന്നു ഒഴിവാക്കി, പട്ടിക II-ൽ ഉൾപ്പെടുത്തുന്നതിനും ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നു.<br><br>മേൽ വിവരിച്ച പ്രകാരം സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന വന്യമൃഗ ആക്രമണങ്ങൾ ഫലപ്രദമായി തടയുന്നതിനായി, വിവിധ നടപടികൾ ദ്രുതഗതിയിൽ സ്വീകരിക്കുന്നത് ലക്ഷ്യമിടുന്ന വന്യജീവി സംരക്ഷണ (കേരള ഭേദഗതി) ബില്ല്, 2025, നിലവിൽ നിയമസഭയുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | ആക്രമണകാരികളായ വന്യമൃഗങ്ങളെ കൊല്ലുന്നതിനും കൃഷിയിടങ്ങൾ ആക്രമിക്കുന്നത് തടയുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുവാൻ പുതിയ ബില്ലിൽ വ്യവസ്ഥ ചെയ്യുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇന്ത്യൻ ഭരണഘടനയുടെ VII പട്ടികയിൽപ്പെട്ട സംസ്ഥാന ലിസ്റ്റിലെ വിഷയങ്ങളായ "വനം" എന്നതിലും"വന്യജീവികളുടെയും പക്ഷികളുടയും സംരക്ഷണം" എന്നതിലും നിയമം കൊണ്ടുവരാൻ പതിനൊന്ന് സംസ്ഥാനങ്ങളിലെ നിയമസഭകൾ പ്രമേയം പാസാക്കി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഭരണഘടനയിലെ ആർട്ടിക്കിൾ 252 പ്രകാരം ഇന്ത്യയുടെ പാർലമെൻറ് പാസാക്കിയ നിയമമാണ് 1972 ലെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമം. പ്രസ്തുത കാലയളവിൽ ഏതെങ്കിലും വന്യജീവികളെ വേട്ടയാടുന്നതിന് യാതൊരു വിലക്കുമുണ്ടായിരുന്നില്ല. അത് മൂലം വന്യജീവികളും പക്ഷികളും അതിവേഗം കുറഞ്ഞതും, ചില സ്പീഷിസുകൾ രാജ്യത്ത്പൂർണ്ണമായും നശിച്ചുപോയതും, സംസ്ഥാന നിയമങ്ങൾ അന്നത്തെ സാഹചര്യങ്ങൾക്കനുസരിച്ച് മതിയാകില്ലെന്നതും തുടങ്ങിയ വ്യക്തമായ കാരണങ്ങൾ പരിഗണിച്ചാണ് കേന്ദ്ര സർക്കാർ ഈ നിയമം കൊണ്ടുവന്നത്.<br><br>പ്രസ്തുത നിയമം നിലവിൽ വന്ന്നീണ്ട കാലയളവുകൾ കഴിഞ്ഞപ്പോൾ, സംസ്ഥാനത്ത് ചില വന്യജീവി, പക്ഷി സ്പീഷിസുകളുടെ എണ്ണം ശ്രദ്ധേയമായി വർദ്ധിച്ചു. ഇത് കാരണം മനുഷ്യനും വന്യജീവികളും തമ്മിൽ ഉണ്ടാകുന്ന സംഘർഷങ്ങളും മനുഷ്യരുടയും കൃഷിയുടേയും കാര്യമായ നാശവും വർദ്ധിക്കുവാനിടയായി.<br><br>1976-ലെ ഇന്ത്യൻ ഭരണഘടനയില 42-ാ ം ഭേദഗതി പ്രകാരം , വനവും, വന്യജീവിയും സംബന്ധിച്ച വിഷയങ്ങൾ ഭരണഘടനയില ഏഴാം പട്ടികയിലെ കൺകറൻറ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിനാൽ, സംസ്ഥാന നിയമസഭക്ക് ഈ വിഷയത്തിൽ നിയമം പാസാക്കാനുള്ള അധികാരമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളിൽ മനഷ്യരും വന്യജീവികളും തമ്മിൽ കൂടിവരുന്ന സംഘർഷങ്ങളും മനുഷ്യ ജീവൻ കൃഷി, സമ്പത്ത് തുടങ്ങിയവ അകാരണമായി നഷ്ടപ്പെടുന്നതും പരിഹരിക്കുന്നതിനായി, കേന്ദ്ര നിയമത്തിൽ ചില സംസ്ഥാന ഭദേഗതികൾ കൊണ്ടുവരാൻ സർക്കാർ തീരുമാനിക്കുകയും ആയതിൻ്റെ അടിസ്ഥാനത്തിൽ വന്യജീവി സംരക്ഷണ (കേരള ഭേദഗതി) ബില്ല്, 2025 കൊണ്ടു വരികയും ചെയ്തു. ടി ബില്ലിൽ പ്രധാനമായും ചുവടെപ്പറയുന്ന കാര്യങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br><br>i) പൊതു സ്ഥലങ്ങളിലോ, ജനവാസ മേഖലകളിലോ ഏതെങ്കിലും വന്യജീവി ആരെങ്കിലും ആക്രമിച്ച് ഗുരുതര പരിക്കേൽപ്പിച്ചാൽ, വൈകാതെ ആ വന്യജീവിയെ |

| | | | |
|---|---|---|---|
| | | | കൊല്ലാൻ ഉത്തരവിടാൻ Chief Wildlife Warden - ന് അധികാരം നൽകുന്നതിന് കഴിയുന്നതാണ് ഈ ബില്ലിലെ ഒരു വ്യവസ്ഥ.<br><br>ii) വന്യ ജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 11-ൽ "മനുഷ്യജീവന് അപകടം സൃഷ്ടിക്കുന്നവ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിലും, ഒരു വന്യജീവി എപ്പോൾ, ഏതു സാഹചര്യത്തിൽ മനുഷ്യജീവന് അപകടം സൃഷ്ടിക്കുന്നു ' എന്ന് കണക്കാക്കപ്പെടും എന്നതിന്റെ നിർവചനം നിയമത്തിൽ ഇല്ല. അത് സർക്കാർ ഈ ബില്ലിൽ വ്യക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>iii) വന്യജീവികളുടെ സംഖ്യ നിയന്ത്രിക്കുന്നതിന്, ജനന നിയന്ത്രണം (birth control) അല്ലെങ്കിൽ സ്ഥലം മാറ്റം (translocation) വഴി നിയന്ത്രണം വരുത്താൻ നിർദ്ദേശമുണ്ട്.<br><br>iv) ബിൽ സംസ്ഥാന സർക്കാരിന് നിയമത്തിലെ പട്ടിക II-ലെ ഏതെങ്കിലും വന്യജീവിയെ വെർമിൻ എന്ന നിലയിൽ പ്രഖ്യാപിക്കാൻ അധികാരം നൽകുന്നതിനു നിർദ്ദേശമുണ്ട്.<br><br>v) ബോണറ്റ് മക്കാക്(Bonnet Macaque) എന്ന സ്പീഷീസിനെ പട്ടിക I-ൽ നിന്നു ഒഴിവാക്കി, പട്ടിക II-ൽ ഉൾപ്പെടുത്തുന്നതിനും ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നു.<br><br>മേൽ വിവരിച്ച പ്രകാരം സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന വന്യമൃഗ ആക്രമണങ്ങൾ ഫലപ്രദമായി തടയുന്നതിനായി, വിവിധ നടപടികൾ ദ്രുതഗതിയിൽ സ്വീകരിക്കുന്നത് ലക്ഷ്യമിടുന്ന വന്യജീവി സംരക്ഷണ (കേരള ഭേദഗതി) ബില്ല്, 2025, നിലവിൽ നിയമസഭയുടെ പരിഗണനയിലാണ്. |
| (സി) | വന്യമൃഗശല്യം ശാശ്വതമായി പരിഹരിക്കാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1. “മിഷൻ സോളാർ ഫെൻസിംഗ് 2024” - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിംഗുകൾ പ്രവർത്ത-നക്ഷമമാക്കുന്നതിലേക്കായി “മിഷൻ സോളാർ ഫെൻസിംഗ് 2024” എന്ന തീവ്രയജ്ഞ പദ്ധതി നടപ്പി-ലാക്കുകയുണ്ടായി. ടി യജ്ഞം ആരംഭിച്ചതു മുതൽ നാളിതുവരെ രണ്ടായിരം കിലോമീറ്ററോളം സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തന-ക്ഷമമാക്കി. 794 കി.മീ. നീളത്തിൽ പുതുതായി സോളാർ ഫെൻസിംഗിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br>2. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർ-ഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് |

ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി “മിഷൻ ഫുഡ്, ഫോഡർ & വാട്ടർ” പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റു ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.
3. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ സോളാർ ഹാംഗിങ്ങ് ഫെൻസിംഗും 10 കി.മീ റെയിൽ ഫെൻസിംഗും 0.11 കി.മീ അയൺ ഫെൻസിംഗും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.
4. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആനപ്രതിരോധ മതിൽ, 1.58 കി.മീ. കരിങ്കൽഭിത്തി, 2.09 കി.മീ. കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുള്ളതാണ്.
5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ചെ XXVII ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടേയും, ട്രാഞ്ചെ XXIX ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടേയും പ്രവൃത്തികൾ നിർമാണ പുരോഗതിയിലാണ്.
6. മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിംഗും, പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിംഗും അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗും നടത്തുന്നുണ്ട്.
7. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT കൾ അടക്കം സംസ്ഥാനത്തുടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു. ടി സ്ഥിരം RRT കൾ കൂടാതെ ഫോറസ്റ്റ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാറ്റലൈറ്റ് RRT കളും 24 മണിക്കൂറും സേവനസന്നദ്ധമാണ്.
8. RRT കളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് എല്ലാ ആർ.ആർ.ടി.കളുടേയും നേതൃത്വം പരിചയ

സമ്പന്നരായ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ചുമതലയിൽ ഏല്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. നേരത്തെ 20 ആർ.ആർ.ടി.കളുടെ ചുമതല സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് ആയിരുന്നതാണ് സർക്കാർ ഉത്തരവിലൂടെ അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത് (സ.ഉ. (സാധാ) നം. 197/2025/വനം, തീയതി 26/05/2025).

9. സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവ-പ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻസ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗ-സംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21/10/2024-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷത-യിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ലാൻഡ്സ്കേപ്പ്തല പ്ലാനുകളുടെ അവതരണവും ചർച്ചയും പൂർത്തിയാക്കിയിട്ടുണ്ട്.

10. സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന RRT കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെട-യുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീ-ലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖ-മായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സ.ഉ. (സാധാ) നം. 287/2025/DMD തീയതി 03/05/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

11. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സംസ്ഥാനതല എമർജൻസി ഓപറേഷൻ സെന്റർ (SFEOC), ഡിവിഷൻതലത്തിലെ ഫോറസ്റ്റ് എമർജൻസി ഓപറേഷൻ സെന്ററുകൾ (DFEOCs) എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾക്കുമായി 372.796 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 251/2025/DMD തീയതി 19/04/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

12. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി വനം വകുപ്പിലെ വെറ്ററിനറി യൂണിറ്റിന്റെ ശാക്തീകരണത്തിനായി വാഹനവും മറ്റു ഉപകരണ-ങ്ങളും വാങ്ങുന്നതിലേക്കായി 134 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും

അനുവദിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 265/2025/DMD തീയതി 23/04/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന് പുറമേ വെറ്ററിനറി യൂണിറ്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള വിവിധ പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 225 ലക്ഷം രൂപ സ.ഉ. (സാധാ) നം. 297/2025/DMD തീയതി 06/05/2025 പ്രകാരവും ഉത്തരവായിട്ടുണ്ട്.

13. വനത്തിനകത്ത്ചെക്ക്ഡാമുകൾ, വാച്ച്ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ്ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോ കോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്.

14. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1 ൽ നിന്നും ഷെഡ്യൂൾ 2 ലേക്ക് മാറ്റുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

15. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 28/05/2025 ലെ സ.ഉ.(കൈ) നം. 17/2025/വനം പ്രകാരം 28/05/2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ്ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനുംസ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന് ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപയായും ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനം 2000 രൂപയായും വർദ്ധിപ്പിക്കുകയും ആയത് പഞ്ചായത്തുകളുടെ SDRF ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ അനുമതി നൽകിക്കൊണ്ടുംസ.ഉ.(സാധാ) നം. 108/2025/DMD

തീയതി 06/03/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.
17. പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാദ്ധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.
18. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജന ജാഗ്രതാ സമിതികൾ രൂപീകരിച്ച മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.
19. ജനവാസ മേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്തക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.
20.
ജനവാസമേഖലയിലേക്ക്പ്രവേശിക്കുന്നകാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക്തിരികെ വിടുന്നതിന്ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനികസാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട്സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗസംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തി വരുന്നു.
21. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക്പാക്കേജ്പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യ ജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽ നിന്ന്മാറിതാമസിക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.
22. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിത ഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന

പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധിച്ചുവരുന്നു.
23. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം, തുടങ്ങിയസാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു.
24. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിക്കാടുകൾ വളർന്ന് വന്യജീവികളുടെ സാന്നിദ്ധ്യ-ത്തിന് സാഹചര്യമൊരുക്കുന്ന ഇത്തരം തോട്ടങ്ങൾ കണ്ടെത്തി ടി പ്രവൃത്തികൾ ഇപ്പോഴും തുടർന്നുവരുന്നു.
25. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ളനിർ-ദ്ദേശം നൽകുകയും, ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.
26. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖല-കളിലും പാതയോരങ്ങളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടു-ള്ളതാണ്.
27. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ-ങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപി-പ്പിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Divisional Forest Emergency Operations Centre – DFEOC), വനം വകുപ്പ് ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre – SFEOC) 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു.
28. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.
29. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോർഡിനേഷന്റെ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.
30. വന്യമൃഗങ്ങളുടെ സമീപ്യത്തെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തന-

ങ്ങൾ ഏകോപിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

31. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

32. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും, മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേൻ മുതലായ സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

33. വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും, 574 വയലുകളും, 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾതുടങ്ങിയവ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യാൻവേണ്ടനടപടികൾസ്വീകരിച്ചിട്ടുണ്ട്.

34. വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിന് നബാർഡ് മുഖേന ₹25 കോടി ലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർ പ്രവർത്തികൾ നടക്കുന്നുണ്ട്.

35. സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതി പ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലേയും അംഗീകരിച്ച വർക്കിംഗ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനും പുതിയ വർക്കിംഗ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5,031 ഹെക്ടർ

സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

36. മനുഷ്യ-വന്യമൃഗ സംഘർഷലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റീയർമാർക്കും പരിശീലനം നൽകുന്നതിനായുള്ള മോഡ്യൂൾ ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്.അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്.

37. ഇതോടൊപ്പം തന്നെ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകി വരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരമായി ആകെ 2179 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

38. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പരിപാടികളുടെ ജില്ലാതല അവലോകനത്തിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല നിയന്ത്രണ സമിതികൾ എല്ലാ മാസവും യോഗം ചേർന്ന് നടപടികൾ വിലയിരുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിൻ പ്രകാരം ജില്ലാതല സമിതികൾ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

39. പാമ്പുകടി, തേനീച്ച / കടന്നൽ കുത്ത് എന്നിവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും നഷ്ടപരിഹാര വിതരണ രീതിയും പരിഷ്കരിച്ചുകൊണ്ട് സ.ഉ. (സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

40. ഇതിനുപരിയായി താഴെ വിവരിക്കും പ്രകാരം 10 മിഷനുകൾ നടപ്പിലാക്കാനായി 23/02/2025 ലെ സ.ഉ.(കൈ) നം. 8/2025/വനം പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. മിഷൻ ഫുഡ്, ഫോഡർ&വാട്ടർ (Mission FFW / Mission Food, Fodder & Water)
2. Mission Tribal Knowledge (ഗോത്രഭേരി)
3. Mission Solar Fencing
4. Mission Primary Response Team

| | | | |
|---|---|---|---|
| | | | 5. Mission Real Time Monitoring<br>6. Mission Sensitization to Public<br>7. Mission Science on Human Wildlife Conflict<br>8. Mission Bonnet Macaque<br>9. Mission Wild Pig<br>10. Mission SARPA<br>41. കൂടാതെ 2025 സെപ്തംബർ 16 ന് ആരംഭിച്ച് 45 ദിവസം നീണ്ടുനിൽക്കുന്ന മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്. |
| (ഡി) | റാപിഡ് റെസ്പോൺസ് ടീമിനെ (ആർ. ആർ. റ്റി.) ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT കൾ അടക്കം സംസ്ഥാനത്തുടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു. ടി സ്ഥിരം RRT കൾ കൂടാതെ ഫോറസ്റ്റ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാറ്റലൈറ്റ് RRT കളും 24 മണിക്കൂറും സേവനസന്നദ്ധമാണ്.<br><br>RRT കളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് എല്ലാ ആർ.ആർ.ടി.കളുടേയും നേതൃത്വം പരിചയസമ്പന്നരായ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ചുമതലയിൽ ഏല്പിച്ചുകൊണ്ട് സ.ഉ.(സാധാ) നം. 197/2025/വനം തീയതി 26/05/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നേരത്തെ 20 ആർ.ആർ.ടി.കളുടെ ചുമതല സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് ആയിരുന്നതാണ് ടി സർക്കാർ ഉത്തരവിലൂടെ അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത്.<br><br>സംസ്ഥാനത്തെ ആർ.ആർ.ടി. യൂണിറ്റുകൾക്ക് ഉപകരണങ്ങളും മറ്റു സംവിധാനങ്ങളും നൽകി ശാക്തീകരിക്കുന്നതിന് സ.ഉ.(സാധാ) നം. 287/2025/DMD തീയതി 03/05/2025 പ്രകാരം മൂന്ന് കോടി രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അനുവദിച്ചിട്ടുണ്ട്. റാപിഡ് റെസ്പോൺസ് ടീമിനെ (ആർ.ആർ.റ്റി.) ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂൾ റൂമുകൾ സജ്ജീകരിച്ച് വരുന്നുണ്ട്. പുതിയ വാഹനങ്ങൾ, പമ്പ് ആക്ഷൻ ഗൺ, വയർലെസ്, റെസ്ക്യൂ ടൂൾസ്, കൂടുകൾ, സ്വയം രക്ഷക്കുള്ള ഉപകരണങ്ങൾ, യൂണിഫോമുകൾ മുതലായവ നൽകിയിട്ടുണ്ട്. നൈറ്റ് വിഷൻ ക്യാമറ, ബൈനോക്കുലറുകൾ, ഡ്രോണുകൾ, ഫോർ വീൽ |

ഡ്രൈവ് വാഹനങ്ങൾ എന്നിവ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ച് വരുന്നു.

NABARD-RIDF-TRANCHE-XXVII പദ്ധതിയിൽ ആറളം (കണ്ണൂർ ഡിവിഷൻ), കുപ്പാടി (വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ), ചന്തക്കുന്ന് (നിലമ്പൂർ നോർത്ത് ഡിവിഷൻ), ഒലവക്കോട് (പാലക്കാട് ഡിവിഷൻ), ദേവികുളം (മൂന്നാർ ഡിവിഷൻ), അഞ്ചൽ (പുനലൂർ ഡിവിഷൻ) എന്നി ആറ് RRT & VET Centre കളുടെ അടിസ്ഥാന സൌകര്യ വികസ ത്തിനായി (കെട്ടിടങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ) 13/04/2022 ലെ സ.ഉ. (കൈ) നം. 17/2022/വനം പ്രകാരം 1809.32 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിച്ചു വരുന്നു.

NABARD-RIDF-TRANCHE-XXX പദ്ധതിയിൽ ഉൾപ്പെടുത്തി പെരിയാർ വെസ്റ്റ് ഡിവിഷനിലെ പീരുമേട് RRT & VET Centre ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി (കെട്ടിടങ്ങൾ, ഉപകരണങ്ങൾ, വാഹനം തുടങ്ങിയവ) 16/11/2024 ലെ സ.ഉ. (കൈ) നം. 41/2024/വനം പ്രകാരം 607.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

കൂടാതെ വിവിധ ആർ.ആർ.ടി. ടീമുകൾക്ക് 2016 മുതൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബജറ്റ് & ഓഡിറ്റ്) ഓഫീസിൽ നിന്നും 19 വാഹനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

കൂടാതെ KIIFB ഫണ്ട് ഉപയോഗിച്ച് ദ്രുത കർമ്മ സേനകളുടെ (RRT) ശാക്തീകരണത്തിനായി 25 വാഹനങ്ങൾ, 50 തോക്കുകൾ (12 ബോർ പമ്പ് ആക്ഷൻ ഗൺ), 15 ട്രാൻക്വിലൈസറുകൾ, 5000 തിരകൾ, 25 വീതം നൈറ്റ് വിഷൻ ക്യാമറകൾ, ബൈനോക്കുലറുകൾ, ടോർച്ച് ലൈറ്റുകൾ, ബോഡി പ്രൊട്ടക്റ്റീവ് ഗിയറുകൾ, ബ്രഷ് കട്ടറുകൾ, മൊബൈൽ സ്പീക്കറുകൾ, മെഷീൻ വാളുകൾ, വലിയ മൃഗങ്ങളെ പിടികൂടുന്നതിനായി ആധുനിക സംവിധാനത്തോട് കൂടിയ കൂടുകൾ, വന്യമൃഗങ്ങളുടെ സഞ്ചാരം നിരീക്ഷി-ക്കുന്നതിനായി 12 വാച്ച് ടവറുകൾ, 10 തെർമ്മൽ ഡ്രോണുകൾ, 43 സ്റ്റാൻഡേർഡ് ഡ്രോണുകൾ, 1000 ക്യാമറാ ട്രാപ്പുകൾ, AI സാങ്കേതിക വിദ്യ ഉപയോഗിച്ചു-കൊണ്ടുള്ള 267 മുന്നറിയിപ്പ് സംവിധാനങ്ങൾ, 20 വീതം റേഡിയോ കോളറുകളും, മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന ജനവാസ

| | | | |
|---|---|---|---|
| | | | മേഖലകളിൽ ആയിരത്തിലധികം സോളാർ വിളക്കുകൾ, സോളാർ ഹൈമാസ്റ്റ് വിളക്കുകൾ എന്നീ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | വനമേഖലയോട് ചേർന്ന് താമസിക്കുന്ന കർഷകരെ കള്ളക്കേസുകളിൽ കുടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | വനമേഖലയോട് ചേർന്ന് താമസിക്കുന്ന കർഷകരെ കള്ളക്കേസുകളിൽ കുടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം പരാതികൾ ലഭിക്കുന്ന പക്ഷം ആയതിന്മേൽ വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ചട്ടപ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | വാഹനം | അനുവദിക്കപ്പെട്ട ആർ.ആർ.ടി. |
|---|---|---|
| 1 | ബൊലേറോ ക്യാമ്പർ | നിലമ്പൂർ ആർ.ആർ.ടി. |
| 2 | ബൊലേറോ ക്യാമ്പർ | കണ്ണൂർ ആർ.ആർ.ടി. |
| 3 | ബൊലേറോ ക്യാമ്പർ | റാന്നി ആർ.ആർ.ടി. |
| 4 | മഹീന്ദ്ര സ്കോർപ്പിയോ ഗെറ്റെവേ | മണ്ണാർക്കാട് ആർ.ആർ.ടി. |
| 5 | മഹീന്ദ്ര സ്കോർപ്പിയോ ഗെറ്റെവേ | കാസർഗോഡ് ആർ.ആർ.ടി. |
| 6 | മഹീന്ദ്ര സ്കോർപ്പിയോ ഗെറ്റെവേ | പുനലൂർ ആർ.ആർ.ടി. |
| 7 | മഹീന്ദ്ര സ്കോർപ്പിയോ ഗെറ്റെവേ | പേപ്പാറ ആർ.ആർ.ടി. |
| 8 | മഹീന്ദ്ര സ്കോർപ്പിയോ ഗെറ്റെവേ | വയനാട് ആർ.ആർ.ടി. |
| 9 | ബൊലേറോ ക്യാമ്പർ PS 4WD | പേപ്പാറ, പരുത്തിപ്പള്ളി ആർ.ആർ.ടി. |
| 10 | ബൊലേറോ ക്യാമ്പർ PS 4WD | കോഴിക്കോട് ആർ.ആർ.ടി. |
| 11 | ബൊലേറോ ക്യാമ്പർ PS 4WD | അട്ടപ്പാടി ആർ.ആർ.ടി. |
| 12 | ബൊലേറോ ക്യാമ്പർ PS 4WD | കോന്നി ആർ.ആർ.ടി. & സ്ട്രൈക്കിംഗ് ഫോഴ്സ് |
| 13 | ബൊലേറോ ക്യാമ്പർ PS 4WD | മൂന്നാർ ആർ.ആർ.ടി. |
| 14 | ബൊലേറോ ക്യാമ്പർ | എരുമേലി ആർ.ആർ.ടി. |
| 15 | ബൊലേറോ ക്യാമ്പർ | കോതമംഗലം ആർ.ആർ.ടി. |
| 16 | ബൊലേറോ ക്യാമ്പർ | മാങ്കുളം ആർ.ആർ.ടി. |
| 17 | ബൊലേറോ ക്യാമ്പർ PS 4WD | കോട്ടയം ആർ.ആർ.ടി. |
| 18 | ബൊലേറോ ക്യാമ്പർ | തെന്മല ആർ.ആർ.ടി. |
| 19 | ബൊലേറോ ക്യാമ്പർ | ചാലക്കുടി ആർ.ആർ.ടി. |